# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 579

29.05.2019 ൽ മറുപടിക്ക്

## നിർമ്മാണ മേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം നിർമ്മാണ രംഗത്ത് ഉണ്ടാക്കിയ സ്തംഭനാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരിങ്കല്ലും മെറ്റലും അടക്കമുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കയറ്റവും സിമന്റിന്റെ അനിയന്ത്രിത വിലക്കയറ്റവും നിർമ്മാണ മേഖലയെ എപ്രകാരമാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും സിമെന്റിന്റെ വിലക്കയറ്റവും മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീണ്ടു പോകുന്നതായും, ടെൻഡർ അധിക നിരക്കിൽ കോട്ട് ചെയ്യുന്നതായും, ടെൻഡർ ചെയ്താൽ പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് തടയുന്നതിനും സിമന്റിന്റെ അമിത വില നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് തടയുന്നതിനും സിമന്റിന്റെ അമിത വില നിയന്ത്രിക്കുന്നതിനുമായി ചുവടെ ചേർക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>1. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.<br>2. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, |

കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുകയും ചെയ്തു.

3. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.05.2019 തീയതിയിൽ യോഗം ചേർന്ന് SEIAA/SEAC-ന് നിർദേശം നൽകി.
4. അന്യ സംസ്ഥാനത്തു നിന്നും കരിങ്കല്ല് ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
5. കേരളത്തിൽ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ആണെന്ന പരാതിയെ തുടർന്ന് ബഹു. മുഖ്യമന്ത്രി, വ്യവസായ വകുപ്പ് മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉത്പാദകരുടെയും, വ്യാപാരികളുടെയും യോഗങ്ങൾ വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു.
6. സിമെന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റ്സ്, കമ്പനിയുടെ എല്ലാ യൂണിറ്റുകളും പൂർണതോതിൽ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുകയും, സിമന്റ് ഉല്പാദനം മെച്ചപ്പെടുത്തുകയും, സിമന്റ് മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.
7. ക്വാറി ഉത്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകി.
8. 09.03.2018, 21.11.2018 തീയതികളിൽ വ്യവസായ വകുപ്പമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി

അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും, നിയമ പരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിത മായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

(സി) നിലവിലുള്ള മണൽ ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ഡാമുകളിൽ നിന്ന് മണൽ ശേഖരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

(സി) സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണൽ നീക്കം ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26.09.2017 തീയതിയിലെ GO(Ms)79/2017/WRD ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 14/05/2019 തീയതിയിലെ GO(Ms)14/2019/WRD ഉത്തരവ് പ്രകാരം പ്രസ്തുത SOP പരിഷ്കരിച്ചു. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ പ്രതിപാദിച്ചിരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡിസിൽറ്റിംഗ് നടത്തുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ലോവർ പെരിയാർ ഡാമിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് 21.02.2011 തീയതിയിലെ സ.ഉ(കൈ)നം.46/2011/വ്യവ ഉത്തരവ് പ്രകാരം മെ.ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 04.06.2018 തീയതിയിൽ ബഹു. മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ ലോവർ പെരിയാർ റിസർവോയറിൽ നിന്നും ശേഖരിക്കുന്ന മണൽ വിൽപന നടത്തുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ തല സമിതിയുടെ അനുമതി തേടേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും, ടി പ്രവർത്തി 'TURNKEY' പ്രോജക്ടായി കാലവിളംബം കൂടാതെ നടപ്പാക്കുന്നതിന് മെ.ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇപ്രകാരമുള്ള നടപടികൾ ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ